മെട്രോ വാർത്ത

21 January 2017

# മത്സ്യങ്ങളുടെ ശ്മശാനം ഒരുക്കി സിഎംഎഫ്ആർഐ

കൊച്ചി: ജലാശയങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ ബോധവൽക്കരണവുമായി കൊച്ചി നഗരത്തിൽ ‘മത്സ്യ ശ്മശാനം’ വരുന്നു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിലാണ് ‘മത്സ്യ ശ്മശാനം’ എന്ന ആശയത്തിൽ കൊച്ചി നഗരത്തിൽ കലാരൂപം ഒരുങ്ങുന്നത്. കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ സഹകരണത്തോടെയാണ് സംരംഭം. ഫോർട്ട്കൊച്ചിയിലെ സൗത്ത് ബീച്ചിൽ ഒരുക്കുന്ന ‘മത്സ്യ ശ്മശാനം’ ഇന്ന് വൈകിട്ട് 6.30ന് മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്യും.

2500 ചതുരശ്ര അടിയിലധികം വ്യാപ്തിയും 13 അടി ഉയരവുമാണ് കലാരൂപത്തിനുള്ളത്. സിഎംഎഫ്ആർഐ യുടെ ആശയത്തിൽ ശിൽപ്പികളും ചിത്രകാരൻമാരുമായ മനോജ് ബ്രഹ്മമംഗലവും പ്രമോദ് ഗോപാലകൃഷ്ണനുമാണ് നിർമാതാക്കൾ.



ഫോർട്ട്കൊച്ചിയിലെ സൗത്ത് ബീച്ചിൽ ഒരുങ്ങുന്ന മത്സ്യ ശ്മശാനം.